നം.AEBAMS/IRGN/27842/2019

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം.
തീയതി : 23-10-2019

---

## സർക്കുലർ

വിഷയം:- ജലസേചനം-ജീവനക്കാര്യം -ആധാർ അധിഷ്ഠിത ഹാജർ സംവിധാനം നടപ്പിലാക്കുന്നത് -സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ 14/10/2019 ലെ ഈ നമ്പർ സർക്കുലർ.

സൂചന പ്രകാരം ആധാർ അധിഷ്ഠിത ഹാജർ സംവിധാനം ജലസേചനവകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി Attendance Requirement Sheet പ്രൊഫോർമ സമർപ്പിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

1. ഒരോ കാര്യാലയങ്ങളും ഓരോ പ്രൊഫോർമ തയ്യാറാക്കി മേലധികാരി മുഖേന, സർക്കിൾതലത്തിൽ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.
2. പ്രൊഫോർമയിലെ കോളം നമ്പർ '1' കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ എന്നീ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ മാത്രം പൂരിപ്പിക്കേണ്ടതാണ്. കോളം നമ്പർ '2' ൽ കൺട്രോളിംഗ് ഓഫീസറുടെ (ചീഫ് എഞ്ചിനീയർ) വിവരം രേഖപ്പെടുത്തേണ്ടതാണ്.
3. കോളം നമ്പർ '4' ൽ ഓഫീസ് അഡ്രസ്സ് കൃത്യമായി (സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ വിലാസം, സ്ഥലം) രേഖപ്പെടുത്തേണ്ടതാണ്. അതോടൊപ്പം ജീവനക്കാരുടെ എണ്ണം എന്നുള്ളതിൽ, ഒരു കാര്യാലയത്തിലെ ആകെ ജീവനക്കാരുടെ എണ്ണം അനുവദനീയ തസ്തികകളുടെ (sanctioned strength) രേഖപ്പെടുത്തേണ്ടതും ഓരോ തസ്തികയിലുമുള്ള അനുവദനീയ തസ്തികകളുടെ എണ്ണവും രേഖപ്പെടുത്തേണ്ടതാണ്.

മറ്റു കോളങ്ങൾ കൃത്യമായി പൂരിപ്പിച്ച് സമർപ്പിക്കേണ്ടതുമാണ്. ടി പ്രൊഫോർമകൾ സർക്കിൾതലത്തിൽ ക്രോഡീകരിച്ച് നൽകുന്നതിനുള്ള സമയപരിധി 30/10/2019 ആയി ദീർഘിപ്പിച്ച് നൽകുന്നു.

ചീഫ് എഞ്ചിനീയർ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി.സെൽ,
വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

എംഎം/